Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് താലൂക്കിൽ ഡാറ്റ എൻട്രി ചെയ്യതിൽ വിട്ടുപോയ എത്ര പേർക്കാണ് ഇനിയും ആനുകൂല്യം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

2557 പേർക്ക് ആനുകൂല്യം ലഭ്യമാക്കാനുണ്ട്.

(സി) വില്ലേജ് ഓഫീസ് മുഖേന തയ്യാറാക്കിയ ലിസ്റ്റിലുൾപ്പെട്ടിട്ടും ആനുകൂല്യം ലഭ്യമാകാത്തവർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ ദുരിതബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും ക്രഡിറ്റ് ലിസ്റ്റിലോ റിജക്റ്റഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധസഹായത്തിന് അർഹതയുള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുൾപ്പെടെ ആകെ 3504 പേരുടെ പട്ടിക ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

**ഭവന സമുച്ചയ നിർമ്മാണം**

356 (966) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 29-2-2016-ലെ G.O(Ms) No.17/2016/HSG നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഡിമാന്റ് സർവ്വേ നടത്തിയപ്പോൾ മതിയായ ഉപഭോക്താക്കളെ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല.

**ചങ്ങനാശ്ശേരി റവന്യൂ ടവർ**

357 (967) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;